# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2575

06.02.2018 ലെ മറുപടിയ്ക്ക്.

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

**ചോദ്യം**

**ശ്രീ.വി.എസ്.ശിവകുമാർ**
**,, സണ്ണി ജോസഫ്**
**,, അനിൽ അക്കര**
**,, അൻവർ സാദത്ത്**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**
പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടും കൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാ ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിയ്ക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയുംചെയ്തിട്ടുണ്ട്.<br>പെൺകുട്ടികൾ പ്രായപൂർത്തി (18 വയസ്) ആകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും. |

| | | | |
|---|---|---|---|
| | | | 3. ബി.ആർക്. എംഫിൽ. പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>4. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതി യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15000/- രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തൊക്കെയാണ് ; ഇതിനകം എത്ര സങ്കേതങ്ങളിൽ ഈ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 54 സ്വയംപര്യാപ്ത ഗ്രാമങ്ങളിലെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) | പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു. ബ്ലോക്ക്/ജില്ലാതല/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസ പദ്ധതി അവലോകന യോഗങ്ങളിലും സെക്രട്ടറി തലത്തിലും വകുപ്പു മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങളിലും പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതികൾ നടപ്പിലാക്കുന്നതിലെ അഴിമതിയും കെടുകാര്യസ്ഥതയും മൂലം പദ്ധതികളുടെ ഗുണഫലങ്ങൾ പൂർണ്ണതോതിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ, വകുപ്പിന് പുറത്തുള്ള ഒരു ഏജൻസിയെ ക്കൊണ്ട് പദ്ധതികൾ അവലോകനം ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത സാഹചര്യം നിലവിലില്ല. |

**സെക്ഷൻ ഓഫീസർ.**